വായിച്ചുകൊടുക്കാൻ

# കുടുക്കൻ കുടുങ്ങി

■ ഗീത പി.എ കല്ലട

തട്ടിപ്പും വെട്ടിപ്പും നടത്തി ജീവിക്കുന്ന കുടുക്കൻ എന്ന കുറുക്കൻ ഒരു ദിവസം തെരുവിലൂടെ നടക്കുമ്പോൾ വലിയൊരു വീട് കണ്ടു. അവൻ ആ വീട്ടിലുള്ളവരെ കുറിച്ച് സൂത്രത്തിൽ ഒന്ന് അന്വേഷിച്ചു. ഒരു പുലികുടുംബമാണ് അവിടെ താമസിക്കുന്നത്. പുലിയച്ഛനും പുലിയമ്മക്കും എന്തോ ജോലിയുണ്ട്. അവർ രാവിലെ പോകും. രാത്രിയേ തിരിച്ചുവരൂ. അതുവരെ അവരുടെ രണ്ടു കുട്ടികൾ മാത്രമേ അവിടെ ഉണ്ടാകൂ.

കുടുക്കൻ പതുക്കെ ആ വീട്ടിലേക്ക് ചെന്നു. തുറന്നു കിടന്നിരുന്ന ജനാലയിലൂടെ അകത്തേക്ക് നോക്കി. അതാ രണ്ട് കുഞ്ഞ് പുലിക്കുട്ടികൾ ഇരുന്ന്



ആഹാരം കഴിക്കുന്നു. അവർക്ക് അങ്കണവാടിയിൽ പോകാനുള്ള പ്രായം പോലും ആയിട്ടില്ല. അത്രക്ക് കൊച്ചു കുട്ടികൾ.

കുടുക്കൻ കാളിംഗ് ബെല്ലിൽ വിരലമർത്തി. അകത്ത് മണി മുഴങ്ങി. ഒരു പുലിക്കുട്ടി വന്ന് വാതിൽ തുറന്നു.

അടുത്ത നിമിഷം..

"ഹ..! ഹഹ..! ഞാനാണ് പുലിപിടിയൻ ഭൂതം. നിങ്ങളെ രണ്ടിനെയും ഞാൻ വിഴുങ്ങാൻ പോവുകയാണ്,''

മൂന്നാംലോകം എന്ന പ്രയോഗം ആദ്യമായി നടത്തിയ ഫ്രഞ്ച് ചരിത്രകാരൻ– ആൽഫ്രഡ് സാവി